(ഡി) പരാതിക്കാർക്ക് എ.എസ്.ഐ. ആയി പ്രമോഷൻ നൽകാവുന്നതാണെന്ന് സുപ്രീം കോടതിയുടെ ഇടക്കാല വിധിയിൽ പറഞ്ഞതനുസരിച്ച് വേണ്ട നടപടി സ്വീകരിക്കുമോ ;

(ഇ) സ്റ്റാറ്റ്യൂട്ടറി റൂൾസ് നിലനിൽക്കേ ജി. ഒ. (എം.എസ്) 252/63 അനുസരിച്ച് പ്രമോഷനും പോസ്റ്റിംഗും പാലക്കാട് ജില്ലയിൽ മാത്രം നടപ്പാക്കിയതിന്റെ ഫലമായി തരം താഴ്ത്തിയവർക്കുണ്ടായ നഷ്ടം പരിഹരിക്കാൻ നപടിയുണ്ടാകുമോ ;

(എഫ്) സുപ്രീം കോടതിയിൽ സർക്കാർ നൽകിയ ഉറപ്പനുസരിച്ച് ഹെഡ് കോൺസ്റ്റബിൾ നിയമനം സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടറി റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത റൂൾസ് തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ഇത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് ചെയ്തിട്ടുള്ളത്.

(സി) സി.എ. 7277/95 എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി തങ്ങളുടെ വിധിന്യായത്തിൽ, എച്ച്. സി. കാറ്റഗറിയിൽ നിന്നും പി.സി. കാറ്റഗറിയിലേക്ക് തരംതാഴ്ത്തരുതെന്നാണ് ഉത്തരവായിട്ടുള്ളത്.

(ഡി) എച്ച്. സി. കാറ്റഗറിയിലുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ പരാതിക്കാർ എ.എസ്.ഐ. മാരായി പ്രമോട്ടു ചെയ്യപ്പെടുന്നതിന് അർഹരായിട്ടില്ലെന്ന് കണ്ടതിനാൽ സുപ്രീം കോടതിയുടെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) പാലക്കാട് ജില്ലയിൽ മാത്രമായി ഒരു പ്രത്യേക നിയമം നടപ്പാക്കിയിട്ടില്ല. തരംതാഴ്ത്തപ്പെട്ട എ.എസ്.ഐമാർക്ക് അവരുടെ എച്ച്. സി. കാറ്റഗറിയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ എ.എസ്.ഐ.,മാരായി പ്രമോഷന് സമയമാകുമ്പോൾ പ്രമോഷൻ നൽകുന്നതാണ്.

(എഫ്) സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കെ.എസ്.എസ്.ആർ.-ലെ പ്രസക്ത വകുപ്പുകൾ അനുസരിച്ചാണ് ഇപ്പോൾ പാലക്കാട് ജില്ല ഉൾപ്പെടെ എല്ലാ ജില്ലകളിലും എച്ച്. സി. നിയമനം നടത്തുന്നത്.

കീഴ്മാട് ഖാദി ആന്റ് വില്ലേജ് സൊസൈറ്റിയുടെ സെക്രട്ടറി അയ്യപ്പൻ പിള്ളയുടെ ദുരൂഹമരണം

108 (3298) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കീഴ്മാട് ഖാദി ആന്റ് വില്ലേജ് സൊസൈറ്റിയുടെ സെക്രട്ടറിയായിരുന്ന ശ്രീ. അയ്യപ്പൻപിള്ളയുടെ ദുരൂഹമരണത്തെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കേസ് അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ആലുവ പോലീസ് സ്റ്റേഷനിൽ ക്രൈംനമ്പർ 989/99 യു/സി മാൻ മിസ്സിംഗ് ആയി രജിസ്റ്റർ ചെയ്ത കേസ്സിന്റെ സെക്ഷൻ സ്വഭാവിക മരണമായി മാറ്റി അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(സി) ആലുവ സർക്കിൾ ഇൻസ്പെക്റ്റർ ഈ കേസ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നതിനാൽ ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

കുഞ്ഞുവറീതിന്റെ തിരോധാനം

109 (3299) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ കാടുകുറ്റി പഞ്ചായത്തിൽ കല്ലൂർ വടക്കുംമുറി വില്ലേജിൽ ചെറുവാളൂർ പാറയദേശത്ത് മറ്റത്തിൽ കുഞ്ഞുവറീതിനെ 20-2-2000 തൊട്ട് കാണാതായത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) കാണാതായ കുഞ്ഞുവറിത് 16 വർഷത്തോളം പഞ്ചായത്ത് മെമ്പറായിരുന്നിട്ടുള്ള ഒരു പൊതുപ്രവർത്തകൻ ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുഞ്ഞുവറീതിന്റെ തിരോധാനം സംബന്ധിച്ച് ക്രൈംബ്രാഞ്ചിനെ കൊണ്ടോ സി.ബി.ഐ. കൊണ്ടോ അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് കൊരട്ടി പോലീസ് സ്റ്റേഷനിൽ 23-2-2000-ൽ ക്രൈം 62/2000 യു.സി.മാൻ മിസ്സിംഗ് ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) ലോക്കൽ പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly